# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

---

നം. എ/736/2016/സി.എഫ്.എസ് തീയതി.08.02.2016

**സർക്കുലർ/അടിയന്തിര പ്രാധാന്യം**

സർ,

വിഷയം:- സി.എഫ്.എസ് -മായം കലർന്ന ഐസ്ക്രീം നിർമ്മാണം-കർശന നടപടി -തുടർ നിർദ്ദേശം -സംബന്ധിച്ച്.

.............................

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ സംസ്ഥാന വ്യാപകമായി കഴിഞ്ഞ ദിവസം നടത്തിയ പരിശോധനയിൽ അന്യസംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ച് നിരോധിത രാസപദാർത്ഥങ്ങളും നിറങ്ങളും ഉപയോഗിച്ച് ഐസ്ക്രീം,ഐസ് സ്റ്റിക്ക്, എന്നിവ നിർമ്മിച്ച് ഉത്സവ പറമ്പുകളിലും ഗ്രാമപ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും വിൽപന നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഉത്പാദനകേന്ദ്രങ്ങൾ പരിശോധിച്ചതിലും തീരെ വൃത്തിഹീനമായ സാഹചര്യത്തിലാണ് ആയത് ഉത്പാദിപ്പിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അത്തരത്തിൽ അപകടകരമായരീതിയിൽ തയ്യാറാക്കുന്ന ഐസ്ക്രീം, ഐസ് സ്റ്റിക്കുകളും ഉപയോഗിക്കുന്നതുവഴി കുട്ടികൾക്കുൾപ്പെടെ ഗുരുതരമായ സാംക്രമിക രോഗങ്ങളും മറ്റ് ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുമെന്നുള്ളതിനാൽ ആയത് കർശനമായി തടയേണ്ടതാണ്. ആയതിലേക്കായി ലഭ്യമായ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് എല്ലാ ജില്ലകളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് എല്ലാ ഐസ്ക്രീം ഉൽപാദനവിതരണ വിൽപന കേന്ദ്രങ്ങളും പരിശോധിച്ച് ലൈസൻസോ രജിസ്ട്രേഷനോ ഉറപ്പുവരുത്തേണ്ടതാണ്. ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന എല്ലാ ഐസ്ക്രീമുകളുടെയും ഐസ് സ്റ്റിക്കകളുടെയും വിൽപന കർശനമായി തടയേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് എല്ലാ ദിവസവും കമ്മീഷണറേറ്റിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
**ഭക്ഷ്യസുരക്ഷാ കമ്മീഷണർ**

**സ്വീകർത്താവ്**

എല്ലാ അസിസ്റ്റൻറ് ഫുഡ് സേഫ്റ്റി കമ്മീഷണർമാർക്കും

**പകർപ്പ്**

1. ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി (അഡ്മിനിസ്ട്രേഷൻ&ലീഗൽ)
2. ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി (എൻഫോഴ്സ്മെന്റ്)
3. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ സി എ
4. ഫയൽ/സ്റ്റോക്ക് ഫയൽ

**//അംഗീകാരത്തോടെ//**

**ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി**
**(അഡ്മിനിസ്ട്രേഷൻ & ലീഗൽ)**